# Sweeping for the lost (Luke15:8)
# നഷ്ടപ്പെട്ടതിനായുള്ള അടിച്ചുവാരൽ



അസാദ്ധ്യം എന്ന വാക്ക് നമ്മുടെ ചിന്താമണ്ഡലത്തിൽ കടന്നാൽ അത് പടർന്ന് പന്തലിച്ച് സാദ്ധ്യം എന്ന നല്ല ചിന്തയെ ഇല്ലാതാക്കുന്നു .സാദ്ധ്യത നഷ്ടമായി എന്ന് മനസ്സിലാക്കിയാൽ ഒരു അടിച്ചുവാരൽ അനിവാര്യമാണ് . അസാദ്ധ്യത്തെ അടി ച്ചുവാരിയാൽ സാദ്ധ്യത തെളിയുന്നു.

ഡെനിസൺ യൂണിവേഴ്സിറ്റിയിൽ ഈചിന്തകളെക്കുറിച്ച് ഒരു class എടു ക്കുവാൻ എത്തിയ പ്രസിദ്ധ ശാസ്ത്രജ്ഞൻ ഒരു യുവാവിനെപ്പറ്റി പറയുകയുണ്ടായി .ജനറൽ മോട്ടോഴ്സ് കമ്പിനിയുടെ ലാബിൽ ജോലി ചെയ്യുന്ന ഒരു യുവാവിനെ അദ്ദേഹം ഒരു ദൗത്യം ഏല്പിച്ചു. പലരും പരാജയപ്പെട്ട ദൗത്യം ചാൾസ് എന്ന ശാസ്ത്രജ്ഞൻ ഏല്പിച്ചപ്പോൾ യുവാവ് അത് സന്തോഷത്തോടെ സ്വീകരിച്ചു. അസാദ്ധ്യമായ ദൗത്യം ഏറ്റതിന് പലരും വിമർശിച്ചു ചിലർ പിൻമാറുവാൻ പ്രോത്സാ ഹനം നൽകി . ഇതൊന്നും കാര്യമായിട്ടെടുക്കാത്ത യുവാവ് തന്നെ കമ്പിനി ഏല്പിച്ച ജോലി പൂർത്തിയാക്കി നൽകി. ഇതെങ്ങനെ എന്ന് ചോദിച്ചവരോട് അദ്ദേഹം പറഞ്ഞ മറുപടി എനിക്ക് സാദ്ധ്യം എന്ന് ഞാൻ കരുതിയ ചിന്തയെ മൂടി

അസാദ്ധ്യം  എന്ന മാലിന്യത്തെ അടിച്ചുവാരി ദൂരെക്കളഞ്ഞു. അപ്പോൾ നല്ല ചിന്ത പ്രകാശിച്ചു. അതോടെ വിജയം സുനിശ്ചിതമായി .

“ Success is ninety nine perecnt perspiration and one percent inspiration”

രണ്ട് കാര്യങ്ങൾക്കാണ്  അടിച്ചുവാരൽ അനിവാര്യം (1) വൃത്തിയാക്കലിനും (2) കാണാതെപോയതിനെ അഥാവാ നഷ്ടപ്പെട്ടതിനെ കണ്ടെത്തേണ്ടതിനും. മലിനത അടിച്ചുവാരി വൃത്തിയാക്കുന്നത് നല്ലത്  നിറയ്ക്കുവാൻ വേണ്ടിയാണ് നഷ്ടപ്പെട്ട തിനെ മനസ്സിലാക്കിയ ഒരാൾക്കു മാത്രമേ അത് വീണ്ടെടുക്കണമെന്നുള്ള ചിന്ത ഉണ്ടാകുന്നുള്ളു. തനിക്ക് സാദ്ധ്യമെന്ന് ധൈര്യമുള്ളവൻ , ശ്രമം ആരംഭിക്കുന്നു. ഒരല്പം കൂടി കരുതൽ , അല്പം കൂടി ശ്രദ്ധ അല്പം കൂടെ പ്രയത്നം എന്നിവ തോൽവിയെ വിജയമാക്കുന്നതിലുപരി  നല്ലതിൽ  നിന്നും മഹത്വത്തിലേക്ക് നമ്മെ നയിക്കുന്നു. അതിനായി നമ്മെ സഹായിക്കുന്ന വ്യക്തിയെ ലൂക്കോ (19:10)ൽ കാണുന്നു. രക്ഷകനിൽ വിശ്വസിക്കുന്നവരുടെ കണ്ണ് തുറക്കുന്നവൻ സാദ്ധ്യതയുടെ വഴി കാട്ടിത്തരികയും അസാദ്ധ്യതകളെ അടിച്ചുവാരിക്കളയുകയും ചെയ്യുന്നു.

ലൂക്കോ 15:4-7 വരെയുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക .പാലസ്റ്റീനിലെ ഇടയന്മാർ കൂട്ടമായിട്ടാണ് മരുഭൂമിയിൽ ആടുകളെ മേയിക്കുന്നത് .ഒന്ന് നഷ്ടമായാൽ അതിനെ അന്വേഷിച്ച് പുറപ്പെടുന്ന ഇടയൻ ബാക്കിയുള്ള ആടുകളെ മറ്റ് ഇടയന്മാരെ ഏല്പിച്ചിട്ടാണ് പുറപ്പെടുന്നത്. നഷ്ടമായതിനെയും കൊണ്ട് വരുന്ന  ഇടയന്റെ ശബ്ദം ശ്രദ്ധിച്ച്  ആടുകളെ  സംരക്ഷിച്ച് ഉണർവ്വോടെയാണ് മറ്റ് ഇടയന്മാർ കഴിയു ന്നത് .

നമ്മുടെ  നല്ലയിടയനായ കർത്താവ് ഭൗമീക ഇടയന്മാരെ ഏല്പിച്ച് ഞാൻ വീണ്ടും  വരും എന്ന് പറഞ്ഞാണ്  പോയത് .എത്രപേർ  ഏല്പിച്ചതിനെ സൂക്ഷിച്ചു. ഏല്പിച്ചത്  മടക്കി നൽകുവാൻ കൈവശം ഉണ്ടോ?
ഇടയനില്ലാത്ത അവസ്ഥയിൽ ആടുകൾ കവർച്ചയായിപ്പോയോ? അതോ ദുഷ്ട മൃഗങ്ങൾക്കിരയായോ?

Read യെഹ: 34:4-16 വാർത്താമാധ്യമങ്ങൾ വിളിച്ചു പറയുന്നു ഭൗമീകഇടയന്മാ രുൾപ്പെടെ മ്ലേഛതയിൽ തകർന്ന പരിതാപകരമായ വാർത്തകൾ. നല്ല ഇടയനായ കർത്താവ് ആടുകളെ മേയിക്കുന്ന  മേഖലയിൽ നിന്ന് അവരെ പുറത്താക്കുന്നു .

നഷ്ടപ്പെട്ട പാപികളെക്കുറിച്ച് നമുക്ക് ഹൃദയഭാരം ഉണ്ടെങ്കിൽ മാത്രമേ കള ഞ്ഞുപോയതിനെ കണ്ടെത്തണമെന്നുള്ള ഒരു ചിന്ത ഉണ്ടാകുന്നുള്ളു.  കണ്ടെത്തു വാൻ ശ്രമിച്ചവന് അത് സാദ്ധ്യമാകുന്നു. കണ്ടെത്തിയാൽ അവനെ ഒരു ഒഴിഞ്ഞപാ

ത്രമാക്കുവാൻ ശ്രമിക്കുക. ഒഴിഞ്ഞതിലേക്കുമാത്രമേ നമുക്ക് എന്തെങ്കിലും പകരുവാൻ കഴിയുകയുള്ളു.ശൗലിനെ പിൻതുടർന്ന് രണ്ട് കണ്ണുകളുടെ ഉടമ പേർ ചൊല്ലി വിളിച്ചപ്പോൾ തന്നെ അത് ആരെന്ന് അറിഞ്ഞ ശൗൽ പൗലോസാകുകയും ഇടയനെ വിട്ടു പിരിയാത്ത നല്ല ആട്ടിൻ കുട്ടിയാകുകയും ചെയ്തു .

Read Acts :9:4,22

പന്ത്രണ്ടു വയസ്സിൽ മാതാപിതാക്കളുടെയും ബന്ധുക്കളുടെയും അടുക്കൽ നിന്ന് കാണാതായ ഒരു ബാലനെപ്പറ്റി വചനം വ്യക്തമാക്കുന്നു.

Read ലൂക്കോ (2:44-47)

കൂറേ ദൂരം പിന്നിട്ടശേഷമാണ് കാണാതെപോയ പ്രീയ മകനെപപ്പറ്റി രക്ഷിതാക്കൾ മനസ്സിലാക്കുന്നത്. ദേവാലയത്തിൽ നിന്ന് വന്നവരാകയാൽ മകനെ തിരക്കി അവിടേക്ക് തന്നെ പോകുകയും മകനെ അവിടെവച്ച് കാണുകയും ഉണ്ടായി . ഇന്ന് ചില മാതാപിതാക്കൾ മക്കൾ കൂടെയുണ്ടെന്ന ധാരണയിൽ മുൻപോട്ടു പോകുന്നു. ലോകമോഹങ്ങൾ മക്കളെ പിടികൂടിയത് അവർ അറിഞ്ഞില്ല .ഏറെ ദൂരം പോയ രക്ഷിതാക്കൾ മക്കളെപ്പറ്റി ചിന്തിച്ച് തിരിഞ്ഞുനോക്കുമ്പോൾ അവർ നഷ്ടപ്പെട്ടു കഴിയും . പിന്നിട് രക്ഷിപ്പാൻ കഴിയുകയുമില്ല. എന്നാൽ ദൈവത്തോട് ചേർന്നു നടക്കുന്ന മാതാപിതാക്കളുടെ മക്കൾ കൂടെ നടന്നില്ല എങ്കിലും തിരിഞ്ഞ് നോക്കുന്ന മാതാപിതാക്കൾ മക്കൾ ഇരിക്കേണ്ടിടത്ത് തന്നെ ഇരിക്കുന്നതായി കാണുന്നു , മാതാപിതാക്കളെ, ഇടയന്മാരേ വീണ്ടും വരുമെന്നരുളിചെയ്ത കർത്താവ് വരുമ്പോൾ ഏല്പിച്ചതെല്ലാം വ്യത്തിയായി സൂക്ഷിച്ചു , ഒന്നും നഷ്ടമായില്ല എന്ന് പറഞ്ഞ് യജമാനനോടൊപ്പം സന്തോഷിപ്പാൻ നിങ്ങൾ കഴിയുമോ? പ്രാർത്ഥനയോടെ യജമാനനെ അഭിമുഖികരിപ്പാൻ ഒരുങ്ങുക. ദൈവം കൃപചെയ്യട്ടെ.

*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg